ഉത്തരം

(എ) അതോറിറ്റി നിലവിൽ വന്നശേഷം മാനേജിംഗ് ഡയറക്ടർ, അഡ്വൈസർ, ചീഫ് ആക്കൗണ്ട്സ് ആഫീസർ എന്നീ തസ്തികയിലേക്കാണ് പെൻഷൻപറ്റി പിരിഞ്ഞവരെ പുനർനിയമനം നടത്തിയിട്ടുള്ളത്.

അവരുടെ വാർഷിക ശമ്പളം യഥാക്രമം 21605, 29680.50, 20769.90 ആകുന്നു.

(ബി) മാനേജിംഗ് ഡയറക്ടറുടെ കാലാവധി—3 വർഷം (1-4-1984 മുതൽ).

അഡ്വൈസർ—2 വർഷം (11-4-1984 മുതൽ).

ഫൈനാൻസ് മാനേജർ—2 വർഷം (1-9-1984 മുതൽ).

ജല മലിന ജല അതോറിറ്റിയിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ

272. [444] ശ്രീ. കെ. പി. പ്രഭാകരൻ :

,, വി. കെ. രാജൻ :

,, കാനം രാജേന്ദ്രൻ :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജല മലിന ജല അതോറിറ്റിയിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ ഓരോ തസ്തികയിലും എത്ര ;

(ബി) അതിൽ പി. എച്ച്. ഇ. ഡി.യിൽ നിന്നും ഓപ്പറേറ്റുചെയ്തവരും ഗവൺമെന്റ് സർവ്വീസിൽനിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ടവരും എത്ര ;

(സി) അതോറിറ്റി നേരിട്ട് നിയമനം നടത്തിയവർ ഓരോ തസ്തികയിലും എത്രയെന്നും അവർ ഏത് ജില്ലയിൽനിന്നും റിക്രൂട്ട് ചെയ്യപ്പെട്ടവരാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ജല മലിന ജല അതോറിറ്റിയിൽ ഓരോ തസ്തികയിലും നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ വിവരം താഴെ ചേർക്കുന്നു.

	തസ്തിക	എണ്ണം
1.	മാനേജിംഗ് ഡയറക്ടർ	1
2.	അഡ്വൈസർ	1
3.	സെക്രട്ടറി	1
4.	ഫൈനാൻസ് മാനേജർ ആൻറ് ചീഫ് അക്കൗണ്ട്സ് ആഫീസർ	1
5.	അക്കൗണ്ട് മാനേജർ	2
6.	പ്രൈവറ്റ് സെക്രട്ടറി റ്റു ചെയർമാൻ	1
7.	പബ്ലിക് റിലേഷൻസ് ആഫീസർ	1
8.	ഡ്രൈവർ	4
9.	പ്യൂൺ	22

LIBRARY ARCHIVES Kerala Legislative Assembly

	തസ്തിക	എണ്ണം
10.	എൽ. ഡി. ക്ലാർക്ക്	56
11.	എൽ. ഡി. ടൈപ്പിസ്റ്റ്	14
12.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	2
13.	അസിസ്റ്റന്റ് ജിയോളജിസ്റ്റ്	1
14.	അസിസ്റ്റന്റ് ഹൈഡ്രോ ജിയോളജിസ്റ്റ്	1

(ബി) 1-4-1984-ൽ അതോറിറ്റി രൂപീകരിക്കാതായപ്പോൾ പി. എച്ച്. ഇ. ഡി. യിൽ ജോലിചെയ്തിരുന്ന എല്ലാ ഉദ്യോഗസ്ഥൻമാരെയും കേരള വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ ഓർഡിനൻസിലെ വ്യവസ്ഥയനുസരിച്ച് അതോറിറ്റിയിലേക്ക് മാറ്റി നിയമിക്കുന്നുണ്ട്. പി. എച്ച്. ഇ. ഡി. യിൽ നിന്നും ആരും അത് ഓപ്റ്റ് ചെയ്തിട്ടില്ല.

ഗവൺമെൻറ് സർവ്വീസിൽനിന്നും ഡെപ്യൂട്ടേഷനിൽ താഴെ പറയുന്ന തസ്തികകളിലേക്ക് നിയമനം നടത്തിയിട്ടുണ്ട്.

1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ്—1
2. അസിസ്റ്റന്റ് ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്)—1
3. അക്കൗണ്ട് ഓഫീസർ—2
4. സെക്ഷൻസ് ഓഫീസർ—2
5. സീനിയർ അക്കൗണ്ടൻറ്—1

(സി) മുകളിൽ ഉത്തരം എ-യിൽ പറഞ്ഞിട്ടുള്ള തസ്തികകളിൽ മാനേജിംഗ് ഡയറക്ടർ, അഡൈ്വസർ, ഫൈനാൻസ് മാനേജർ എന്നിവയൊഴികെ ബാക്കിയെല്ലാ തസ്തികകളിലേക്കും അതോറിറ്റി നേരിട്ടു നിയമനം നടത്തുക ഉണ്ടായി. അവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

എൽ.ഡി. ക്ലാർക്ക് ആകെ—56

തിരുവനന്തപുരം—18
കൊല്ലം—13
പത്തനംതിട്ട—1
ആലപ്പുഴ—3
എറണാകുളം—2
കോട്ടയം—1
പാലക്കാട്—2
മലപ്പുറം—13
കോഴിക്കോട്—3

എൽ. ഡി. ടൈപ്പിസ്റ്റ് ആകെ—14

തിരുവനന്തപുരം—4
കൊല്ലം—3
ആലപ്പുഴ—2
മലപ്പുറം—4
കോഴിക്കോട്—1

LIBRARY ARCHIVES Kerala Legislative Assembly

പ്യൂൺ ആകെ—22

തിരുവനന്തപുരം—9
കൊല്ലം—3
പത്തനംതിട്ട—1
ആലപ്പുഴ—1
മലപ്പുറം—7
കോഴിക്കോട്—1

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആകെ—2

തൃശ്ശൂർ—1
കൊല്ലം—1

ഡ്രൈവർ ആകെ—4

തിരുവനന്തപുരം—2
മലപ്പുറം—1
പത്തനംതിട്ട—1

സംസ്ഥാന ജല-മലിനജല അതോറിറ്റിയിലേയ്ക്ക് ഡെപ്യൂട്ട് ചെയ്തവർ

273. [445] ശ്രീ. കെ. പി. പ്രഭാകരൻ :
,, എം. കെ. കേശവൻ :
,, കെ. ടി. കുമാരൻ :
,, പി. കുമാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജല-മലിനജല അതോറിറ്റിയിലേക്ക് ഗവൺമെന്റ് സർവ്വീസിൽ നിന്നും ഡെപ്യൂട്ട് ചെയ്തവർ ഓരോ തസ്തികയിലും എത്ര വീതം ;

(ബി) പ്രസ്തുത അതോറിറ്റി നേരിട്ടു നിയമനം നടത്തിയവർ ഓരോ കാറ്റഗറിയിലും എത്ര ;

(സി) നേരിട്ടുള്ള നിയമനത്തിന് സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽ നിന്നും താഴെ പറയുന്നവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേരള ജല-മലിനജല അതോറിറ്റിയിൽ നിയമിച്ചിട്ടുണ്ട്.

ഹെഡ്ഡാഫീസിൽ—

1. അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ഗ്രേഡ്—1 (1)
2. അസിസ്റ്റന്റ് ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ് സ്കീം—(1)
3. കേന്ദ്രഗവൺമെന്റ് സർവ്വീസിൽ നിന്നും താഴെ പറയുന്ന തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly